


# ഐക്യ ചർച്ചകൾ സ്വാഗതാർഹം

● പി.കെ കുഞ്ഞാലിക്കുട്ടി
(സംസ്ഥാന ജനറൽ സെക്രട്ടറി, മുസ്‌ലിം ലീഗ്)


**ഞങ്ങൾ** സദാ ആഗ്രഹിക്കുന്നത് സമുദായ ഐക്യമാണ്. എല്ലാ വിഷയങ്ങളിലും ഒരുപോലെ യോജിക്കാൻ സാധിച്ചെന്നു വരില്ല. പലവിഷയങ്ങളിലും വ്യത്യസ്തമായ അഭിപ്രായങ്ങൾ സ്വാഭാവികമായും ഉണ്ടാകാം.എന്നാലും പൊതുവായ പ്രശ്നങ്ങളിൽ നമുക്ക് യോജിക്കാൻ കഴിയണം. സത്യത്തിൽ ഇന്നുള്ളത് കൂടുതലും പൊതുവായ പ്രശ്നങ്ങളാണ്. അതായത്, സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ. ഉദാഹരണമായി നമ്മുടെ യുവതലമുറ ഒന്നിനോടും പ്രതിബദ്ധതയില്ലാത്തവരായി തീർന്നിരിക്കുന്നു. അവരെ നയിക്കുന്നത് കേവല ഭൗതികത മാത്രമാണ്. മദ്യത്തിന്റെയും മറ്റും ഉപയോഗം വർധിച്ചിരിക്കുന്നു. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങളെ നേരിടാൻവേണ്ടി യോജിച്ചുനിൽക്കാൻ ഒരു തടസ്സവും ഉണ്ടാവേണ്ടതില്ല. അങ്ങനെയുള്ള പൊതു ഐക്യമാണ് രൂപപ്പെടേണ്ടത്. സംഘടനകളിലുണ്ടായ ഭിന്നിപ്പും ഈ രംഗത്തെല്ലാം ഏറെ ദോഷകരമായി തീർന്നിട്ടുണ്ട്. അതുകൊണ്ട് ഐക്യത്തിനുവേണ്ടിയുള്ള ചർച്ച പ്രസക്തവും സ്വാഗതാർഹവുമാണ്. മുസ്‌ലിം ലീഗ് അതിന്ന് പ്രതിജ്ഞാബദ്ധവുമാണ് ■



# അഭിപ്രായ വ്യത്യാസങ്ങൾ പോർവിളിയായി മാറരുത്

● എം. ഐ. ഷാനവാസ്
(ജനറൽ സെക്രട്ടറി, കെ.പി.സി.സി)

**മുസ്‌ലിം** സമുദായത്തിൽ എല്ലാ അർഥത്തിലും സമ്പൂർണമായ ഐക്യം ഉണ്ടാവേണ്ട കാലഘട്ടമാണിത്. ആചാരപരമായും സാമൂഹ്യപരമായും എത്രതന്നെ വ്യത്യസ്തങ്ങളായ വീക്ഷണങ്ങളുണ്ടെങ്കിലും പരസ്പരം പോർവിളിക്കുന്ന അന്തരീക്ഷം ഉണ്ടാവുന്നത് ആശാസ്യമല്ല. ഒരേ സമയത്ത് ചങ്ങരംകുളത്തും വയനാട്ടിലും നടക്കുന്ന മുജാഹിദ് സമ്മേളനങ്ങൾ പരസ്പരം സ്പർധ വളർത്താതെ ഐക്യത്തിലേക്ക് നീങ്ങാൻ സർവശക്തൻ അനുഗ്രഹിക്കുമാറാകട്ടെ ■



# ഊർജം പാഴാക്കരുത്

● അബ്ദുന്നാസിർ മഅ്ദനി
(ചെയർമാൻ, പി.ഡി.പി)

**മുജാഹിദ്** പ്രസ്ഥാനങ്ങളോട് ആശയപരമായും നയപരമായും വിയോജിപ്പുള്ള ആളാണ് ഞാൻ. എന്നാൽ മുസ്‌ലിം ഉമ്മഃ ഏറ്റവും വലിയ പ്രതിസന്ധികളിലൂടെ കടന്നുപോവുന്ന ഈ കാലഘട്ടത്തിൽ സമുദായത്തിന്റെ പൊതുവെയുള്ള ഐക്യം അനിവാര്യമാണ്. ഒരേ ആശയത്തിൽ നീങ്ങുന്ന ആളുകൾ രണ്ടു സംഘടനകളായി പ്രവർത്തിച്ച് ഊർജം പാഴാക്കുന്ന ദുരവസ്ഥ അവസാനിക്കുന്നത് സമുദായത്തിന്റെ പൊതുനന്മക്ക് ഉപകരിക്കും ■

# ആദർശപ്രതിബദ്ധതക്ക് മുൻതൂക്കം നൽകുക



● പി.എം.എ സലാം എം.എൽ.എ
(ഐ.എൻ.എൽ)

**ഒരേ** ആശയത്തിനുവേണ്ടി ഒരേ നിലപാടിലൂടെ പ്രവർത്തിക്കുന്നവർ ഭിന്നിച്ചു നിൽക്കുന്നതിന് ന്യായീകരണമില്ല. സത്യപ്രബോധനത്തിന്നും സമുദായപുരോഗതിക്കും ചെലവഴിക്കേണ്ട ഊർജം കുറ്റാരോപണങ്ങൾക്കും പരസ്പരവിമർശനങ്ങൾക്കും ചെലവഴിക്കപ്പെടുന്നത് ദുഃഖകരമാണ്. നിക്ഷിപ്ത സംഘടനാ താല്പര്യങ്ങളെക്കാൾ ആദർശപ്രതിബദ്ധതക്ക് മുൻതൂക്കം നൽകി ഒരുമിച്ചു പോകുന്നതിനുള്ള സാഹചര്യം എന്തുവിലകൊടുത്തും കണ്ടെത്തേണ്ടതുണ്ട്. ഭിന്നിപ്പിനിടയാക്കിയ കാരണങ്ങളെക്കുറിച്ച് പുനർവിചിന്തനമുണ്ടാവുകയും അല്ലാഹുവിന്റെ മാർഗത്തിൽ ഒരുമിച്ചു നീങ്ങാനുള്ള സന്മനസ്സുണ്ടാവുകയും ചെയ്യട്ടെ എന്നു പ്രാർഥിക്കുന്നു. രണ്ട് സമ്മേളനങ്ങളിലെയും പരിപാടി ഇതിനനുകൂലമാവട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു ■



## പരസ്പരം നശിപ്പിക്കരുത്

● ഡോ. ഫസൽ ഗഫൂർ
(പ്രസിഡന്റ്, എം.ഇ.എസ്)

**സമീപകാലത്തുണ്ടായ** മുസ്‌ലിം കൂട്ടായ്മകൾ ഒട്ടേറെ നേട്ടങ്ങൾക്ക് നിമിത്തമായിട്ടുണ്ട്. സ്കൂൾ സമയമാറ്റം, വിദ്യാർഥി-വിദ്യാർഥിനികളെ ഒന്നിച്ചിരുത്തൽ, വിവാഹ റജിസ്ട്രേഷൻ, മാറാട് തടവുകാരുടെ പ്രശ്നങ്ങൾ പോലുള്ളവയിലെല്ലാം മുസ്‌ലിം സംഘടനകൾ ഒന്നിച്ചു നിന്ന് നടത്തിയ എല്ലാ ശ്രമങ്ങളും വിജയത്തിലെത്തുകയുണ്ടായി. രാഷ്ട്രീയ സംഘടനകളുടെ പിൻബലമില്ലാതെയാണ് സർക്കാറിൽ നിന്ന് ഈ ആവശ്യങ്ങളെല്ലാം നേടിയെടുത്തത്. മുസ്‌ലിം മത-സാമുദായിക സംഘടനകൾ ഒന്നിച്ചുനിൽക്കേണ്ടതിന്റെ അനിവാര്യതയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. ആശയതലത്തിൽ ഭിന്നതയില്ലാത്ത സംഘടനകൾ വ്യക്തിതാൽപര്യങ്ങളുടെയും മറ്റും പേരിൽ പിളരുന്നതും തെരുവിലും അങ്ങാടിയിലും പരസ്പരം ആരോപണപ്രത്യാരോപണങ്ങൾ നടത്തുന്നതും ഇസ്‌ലാമിക സംസ്കാരത്തിനു ചേർന്നതല്ല. കേരള മുസ്‌ലിംകളുടെ പുരോഗതിയിൽ മുജാഹിദ് പ്രസ്ഥാനം വഹിച്ച പങ്ക് സംശയാതീതമാണ്. അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവർ ഭിന്നിച്ച് പരസ്പര നാശത്തിന് ശ്രമിക്കുന്നത് അത്യന്തം ഖേദകരമാണ്. എല്ലാ മുസ്‌ലിം സംഘടനകളും ഐക്യപ്പെടണമെന്നും മുജാഹിദ് സംഘടനകൾ ഭിന്നിപ്പ് അവസാനിപ്പിച്ച് ഒന്നിക്കണമെന്നുമാണ് എം. ഇ. എസ്. ആഗ്രഹിക്കുന്നത്. അതിന് സമുദായ സ്നേഹികൾ നേതൃത്വം നൽകണമെന്ന് ആഭ്യർഥിക്കുന്നു.



## പിളർപ്പ് വേദനാജനകം

● ഡോ. കെ.ടി ജലീൽ
എം.എൽ.എ

ഒരു സംഘടനയിലും പ്രത്യയശാസ്ത്രപരമായ ഭിന്നിപ്പല്ലാതെ മറ്റൊരു ഭിന്നിപ്പും ആശാസ്യമല്ല. പ്രത്യേകിച്ച് ഇസ്‌ലാമിക സംഘടനകൾക്കിടയിൽ. ഇസ്‌ലാഹീ പ്രസ്ഥാനം കേരളീയ മുസ്‌ലിം നവോത്ഥാനത്തിൽ വഹിച്ച പങ്ക് അവിതർക്കിതമാണ്. ഒരു നവോത്ഥാന പ്രസ്ഥാനത്തിലെ പിളർപ്പ് ആരെയും വേദനിപ്പിക്കും. ആ ഒരു നൊമ്പരം നിരവധി ആളുകളുടെ മനസ്സിൽ -മുജാഹിദ് സംഘടനകളോട് ആശയപരമായി യോജിക്കുകയും വിയോജിക്കുകയും ചെയ്യുന്ന ആയിരക്കണക്കിനാളുകളുടെ മനസ്സിൽ-സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അതു മാറ്റാൻ ഇരു വിഭാഗം മുജാഹിദ് നേതാക്കളും ശ്രമിക്കുമെന്ന ശുഭാപ്തിവിശ്വാസം അസ്ഥാനത്താവില്ലെന്നാണ് ഇപ്പോഴും പ്രതീക്ഷിക്കുന്നത്. മുസ്‌ലിംകൾക്കിടയിലാകമാനം യോജിപ്പിന്റെ ദിനങ്ങൾ സമാഗതമാകട്ടെ എന്ന് പ്രാർഥിക്കുന്നു.

## ഇഹലോകവും പരലോകവും നശിപ്പിക്കുന്ന നഷ്ടക്കച്ചവടം

● അബ്ദുസ്സമദ് സമദാനി
(മുസ്‌ലിംലീഗ്)

**ഭിന്നിപ്പ്** ഒരു നിലയിലും ആശാസ്യമല്ല. അനൈക്യം വഴി വന്നുഭവിച്ചിട്ടുള്ള ആപത്തിന് കയ്യും കണക്കുമില്ല.



യോജിച്ചു നിൽക്കുന്നതും ഒരുമിച്ചുപോകുന്നതുമാണ് ഏറ്റവും വലിയ നന്മ എന്ന് പ്രത്യേകം പറയേണ്ടതില്ല. മാനവരാശിയുടെ ഉദ്ഗ്രഥനവും ഏകത്വവും ഉദ്ബോധിപ്പിക്കുന്ന ഇസ്‌ലാമിലാകട്ടെ ഐക്യത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. ഛിദ്രതയെയും ശിഥിലീകരണത്തെയും കടുത്ത ഭാഷയിലാണ് വിശുദ്ധഖുർആനും സുന്നത്തും വിമർശന വിധേയമാക്കിയിട്ടുള്ളത്. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ, മതതത്ത്വങ്ങളുടെ സാക്ഷാൽക്കാരത്തിനുവേണ്ടി നിലകൊള്ളുന്ന മതസംഘടനകൾതന്നെ ഭിന്നതയുടെ അഭിശപ്ത പ്രവണതകൾക്ക് വിധേയമാകുന്നുവെന്നത് വളരെ ദുഃഖകരമാണ്. ദീനിന്റെ അഭ്യുന്നതിക്കും ദഅ്‌വത്തിന്റെ വികാസത്തിനും സമുദായ സംസ്കരണത്തിനും പ്രയോജനപ്പെടുത്തേണ്ട സമയവും ഊർജവും വിഭവങ്ങളുമാണ് തീർത്തും വിനാശകരമായ വഴികളിൽ ചെലവഴിക്കപ്പെടുന്നത്! അനൈക്യം ആത്മനാശത്തിലേക്കല്ലാതെ മറ്റെന്തിലേക്കാണ് നയിക്കുക?


വിശ്വാസിയുടെ പരമലക്ഷ്യം അല്ലാഹുവിന്റെ തൃപ്തിയും അതിന്റെ ആവിഷ്കാരമായ പരലോകവിജയവുമാണെന്ന കാര്യത്തിൽ തർക്കമില്ല. ഈ ലക്ഷ്യപ്രാപ്തിയിൽ വ്യക്തിബന്ധങ്ങളുടെ, സൗഹൃദഭാവത്തിന്റെ സുരക്ഷ ഏറ്റവും പ്രധാനമാണെന്നത് വേണ്ടത്ര തിരിച്ചറിയപ്പെടുന്നില്ലെന്നത് ഏറെ ഖേദകരമാണ്. ഇഹലോകവും പരലോകവും ഒരേ സമയം നശിപ്പിക്കുന്ന നഷ്ടക്കച്ചവടമാണ് അനൈക്യം. അതുകൊണ്ടുതന്നെ ഐക്യത്തിനായുള്ള ഏതു പരിശ്രമവും ഏറ്റവും വലിയ പുണ്യകർമമാകുന്നു. നമ്മുടെ സംഘടനാ നേതാക്കൾക്കും പ്രവർത്തകർക്കും അല്ലാഹു തൗഫീഖ് ചെയ്യട്ടെ.



## ഭിന്നിച്ചവർ ഒന്നിക്കണം

**● ഇ.ടി. മുഹമ്മദ് ബഷീർ**
**(സംസ്ഥാന സെക്രട്ടറി, മുസ്‌ലിംലീഗ്)**

**ഇസ്‌ലാം** മുമ്പത്തെക്കാൾ വിമർശനങ്ങൾക്കും ആരോപണങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ പാശം മുറുകെപ്പിടിച്ച് ഐക്യത്തോടെ പ്രവർത്തിക്കാനുള്ള ഖുർആന്റെ ആഹ്വാനം ഉൾക്കൊണ്ട് കൂട്ടായി ഇസ്‌ലാമിക പ്രബോധനത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ട കാലമാണിത്. ഇതേക്കുറിച്ച് മുജാഹിദ് പ്രവർത്തകർ തികച്ചും ബോധവാന്മാരാണെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ചില അഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ ഭിന്നിച്ചു പോയ അവർ വീണ്ടും യോജിച്ച് കാണണമെന്ന് അതിയായി ആഗ്രഹിക്കുന്നു. അതിനായി പ്രാർഥിക്കുന്നു.



## സമ്മേളനങ്ങൾ ഐക്യവേദികളാവട്ടെ

**● സി.പി കുഞ്ഞുമുഹമ്മദ്**
**(പ്രസിഡന്റ്, എം.എസ്.എസ്)**

**ഇന്നത്തെ** സാഹചര്യത്തിൽ മുസ്‌ലിം സമുദായത്തിന്റെ ഐക്യം അനിവാര്യമാണ്.മുജാഹിദ് സംഘടനകളുടെ സംസ്ഥാനസമ്മേളനങ്ങൾ നടക്കുന്ന ഈ അവസരത്തിലെങ്കിലും ഇരു വിഭാഗവും ഐക്യമുണ്ടാക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നത് ഏറെ ഉചിതമായിരിക്കും. അതിനായി ബന്ധപ്പെട്ടവരോട് വിനയപൂർവം അഭ്യർഥിക്കുന്നു. അതിന് സാധിക്കട്ടെയെന്ന് പ്രാർഥിക്കുകയും ചെയ്യുന്നു.



## ഇരകളാക്കപ്പെടുന്നവർ ഭിന്നിക്കരുത്

**● ഡോ. എം. കെ. മുനീർ**
**(സംസ്ഥാന സെക്രട്ടറി, മുസ്‌ലിംലീഗ്)**

**അന്തർദേശീയ,** ദേശീയ, സംസ്ഥാന തലങ്ങളിൽ ഇസ്‌ലാമും മുസ്‌ലിംകളും നിരന്തരം വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മുസ്‌ലിംകൾ ഒന്നിച്ചു നിൽക്കേണ്ട ഈ സാഹചര്യത്തിൽ സമുദായത്തിൽ ഭിന്നിപ്പുണ്ടാകുന്നത് ഏറെ ദുഃഖകരവും അപകടകരവുമാണ്. വെല്ലുവിളികളെ നേരിടുമ്പോൾ ഇരകളായിത്തീരുന്നവർ ഐക്യപ്പെടുന്നതിനുപകരം ഭിന്നിക്കുകയും ചേരിതിരിയുകയും ചെയ്യുന്ന അനുഭവമാണ് എങ്ങും കാണപ്പെടുന്നത്. നമ്മുടെ സ്ഥിതിയും ഭിന്നമല്ല. മുസ്‌ലിം കേരളത്തിന് ഗണനീയമായ സംഭാവനകളർപ്പിച്ച മുജാഹിദ് സംഘടനയിലെ പിളർപ്പ് നമ്മെ വേദനിപ്പിക്കാനുള്ള കാരണവും അതുതന്നെ. മുജാഹിദുകൾക്കിടയിലെ യോജിപ്പും സമുദായ ഐക്യവും ഉണ്ടായിക്കാണണമെന്ന് അതിയായി ആഗ്രഹിക്കുന്നു. അതിനായി ബന്ധപ്പെട്ടവരോട് അഭ്യർഥിക്കുകയും അല്ലാഹുവോട് പ്രാർഥിക്കുകയും ചെയ്യുന്നു.